FIN·B1 9574/18.



09574

# വകുപ്പുതല കണക്കുപരിശോധനാറിപ്പോർട്ട്

## ഐ.റ്റി.ഐ പേരുമല-തിരുവനന്തപുരം ജില്ല

| | |
|---|---|
| പരിശോധനാതീയതി | : 12.03.2018 മുതൽ15.03.2018 വരെ |
| പരിശോധനാകാലയളവ് | :01.04.2014 മുതൽ 31.03.2017 വരെ |
| പരിശോധനാവിഭാഗം | :ഫിനാൻസ്.ഇ ആഡിറ്റ് സെക്ഷൻ |
| പരിശോധനാടീമിൽ പങ്കെടുത്തവർ | :1.കെ.കെ,പ്രസാദ്(സീനിയർ സൂപ്രണ്ട്) |
| | 2.കെ.കെ.ശ്രീരാജ്.( ക്ളാർക്ക്) HG |

പരിശോധനാ കാലയളവിൽ ജോലിനോക്കിയിരുന്നട്രയിനിംഗ് സൂപ്രണ്ടുമാർ.

| | | |
|---|---|---|
| 1.ശ്രീ.സുകു.കെ.സി | : | 06-11-2013 മുതൽ 24-09-2014 വരെ. |
| 2.ശ്രീ.സുരേഷ്കുമാർ.ആർ.സി. | : | 25-09-2014 മുതൽ തുടരുന്നു. |

## ആമുഖം

### (A) അക്കൗണ്ടന്റ് ജനറലിന്റെ പരിശോധന സംബന്ധിച്ച്.

31-03-2003 ന് ശേഷം അക്കൗണ്ടന്റ് ജനറലിന്റെ പരിശോധന നടന്നതായി കാണുന്നില്ല. 31-03-2003 വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ പരിശോധനസംബന്ധിച്ച ഫയൽ കണ്ടെടുക്കാൻ സാധിച്ചില്ല.ഈ സാഹചര്യത്തിൽ ടി പരിശോധന സംബന്ധിച്ച് തീർപ്പാക്കാനുള്ള ഖണ്ഡികകളുടെ വിവരം വ്യക്തമല്ല.

2005-06 മുതൽ 2009-10 വരെയുള്ള കാലയളവിലെ പെർഫോമൻസ് -ഏ.ജി നിശ്ചിത മാതൃകയിലുള്ള പ്രഫോർമ പ്രകാരം ശേഖരിച്ച് പരിശോധിച്ചതായി കാണുന്നു.01-04-2003 മുതലുള്ള കാലയളവ് പരിശോധനാവിധേയമാക്കാൻ ഏ.ജി യോട് ആവശ്യപ്പെടാവുന്നതാണ്.

### (B)-വകുപ്പുതല പരിശോധന.

01-11-2005 മുതൽ 31-11-2010 വരെയുള്ള കാലയളവിലെ പ്രവർത്തനങ്ങൾ വകുപ്പുതല പരിശോധനാവിഭാഗം ഫിൻ ഡി ആഡിറ്റ് വിഭാഗം നടത്തിയിട്ടുണ്ട്.17-10-2014 ന് ബി.1.25518/14 പ്രകാരം റിപ്പോർട്ട് നല്കുകയും 05-04-2017 ന് പി.3.53/2004 പ്രകാരം മറു

പടി നല്കിയതായും കാണുന്നു.ഇതിൻമേലുള്ള തുടർനടപടി സംബന്ധിച്ച വിവരം ഫയലിൽ ലഭ്യമല്ല.

പാർട്ട് II

1.ക്യാഷ് ബുക്കുംഅനുബന്ധ രേഖകളും.

ബിൽബുക്കും ക്യാഷ് ബുക്കും.

1.ബിൽ നംമ്പർ EB.78/16-17(SC,ST stipend) പ്രകാരം Gross Amount 1,14,329/- /Net Amount 85,321/-രൂപയുടേയും ബില്ല് ട്രഷറി ഓഫീസർ പാസ്സാക്കിയിരിക്കുന്നത് cash 20,818/- cheque 64,563/-(total.Rs.85,381/-)എന്ന പ്രകാരമാണ്. 03-05-2016 ലെ ക്യാഷ്ബുക്കിൽ 85,381/- രൂപയും വരവ് കാണിച്ചിട്ടുണ്ട്. Net Amount ബിൽപ്രകാരമുള്ളതുകയേക്കാൾ 60/- രൂപ അധികമായി ട്രഷറി ഓഫീസർ പാസ്സാക്കിയിരിക്കുന്നു. വ്യത്യാസം സംബന്ധിച്ച വിശദീകരണം നല്കേണ്ടതാണ്.

2.ക്യാഷ്ബുക്കിൽ- cash ഉം, cheque ഉം രേഖപ്പെടുത്താൻ പ്രത്യേകം പ്രത്യേകം കോളങ്ങൾ ഉണ്ടെങ്കിലും മിക്ക അവസരങ്ങളിലും ഒറ്റ ഫിഗറായിട്ടാണ് ക്യാഷ്ബുക്കിൽ വരവും,ചെലവും രേഖപ്പെടുത്തുന്നത്.ഉദാ:-ബിൽ നംമ്പർ EB.105/16-17

3.ബിൽ നംമ്പർ CB.1430/16-17 Nil Bill-എന്നാൽ ട്രഷറി ഓഫീസർ തുക എഴുതിയാണ് ഈ ബിൽ പാസ്സാക്കിയിരിക്കുന്നത്. ട്രഷറി ഓഫീസറുമായി ബന്ധപ്പെട്ട് ന്യൂനത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

4.ബിൽ നംമ്പർ CB.1458/16-17 പ്രകാരം 07-03-2017 ന് ട്രഷറിയിൽനിന്നും 43,750/- രൂപ തേർച്ചചെയ്തത് അന്നേദിവസംതന്നെ ക്യാഷ്ബുക്കിൽ വരവും,ചെലവും കാണിച്ചിട്ടുണ്ട്. ടി തുക 16-03-2017 ൽ വീണ്ടും വരവുവെച്ചിരിക്കുന്നു. ഈ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

5. ക്യാഷ്ബുക്ക് പരിപാലിക്കുന്നതിൽ കുറേക്കൂടി ജാഗ്രത ആവശ്യമാണെന്ന് കാണുന്നു. വെട്ടിത്തിരുത്തലുകളും,വൈറ്റ്നർ ഉപയോഗവും വ്യാപകമായി കാണുന്നു.ഇത്തരം വീഴ്ചകൾ ഒഴിവാക്കേണ്ടതാണ്.

2.അക്വിറ്റൻസ്( സ്റ്റാഫ്)

1. .ബിൽ നംമ്പർ TA.22/14-15 പ്രകാരം ട്രഷറിയിൽനിന്നും 27-06-2014 ന് തേർച്ചചെയ്ത 200/- രൂപ അക്വിറ്റൻസ് പ്രകാരം ട്രയിനിംഗ് സൂപ്രണ്ട് ശ്രീ.സുകു അന്നേദിവസംതന്നെ കൈപ്പറ്റിയിട്ടുണ്ട്.എന്നാൽ ഇതിന്റെ ചെലവുവിവരം ക്യാഷ്ബുക്കിൽ രേഖപ്പെടുത്തിക്കാണുന്നില്ല.ന്യൂനത പരിഹരിഹരിച്ചറിയിക്കേണ്ടതാണ്.

**3.അകിറ്റൻസ് ഗസ്റ്റ് ഇൻസ്ട്രക്ടർ.**

പേജ്നമ്പർ ഇട്ട് സാക്ഷ്യപ്പെടുത്തലുകൾവരുത്തി വിതരണവിവരം ക്രമമായെഴുതി സൂക്ഷിക്കുന്നുണ്ട്.മറ്റ്പരാമർശങ്ങൾ ഇല്ല.

**4.അകിറ്റൻസ്.(അപ്രന്റീസ് ക്ലാർക്ക്).**

നന്നായി പരിപാലിക്കുന്നുണ്ട്. മറ്റ്പരാമർശങ്ങൾ ഇല്ല.

**5.അകിറ്റൻസ്ട്രെയിനീസ്.**

ഒരുബിൽപ്രകാരംമാറുന്ന തുകകൾ പലതീയതികളിലായി വിതരണംചെയ്യുമ്പോൾ വിതരണവിവരത്തിന്റെ അബ്സ്ട്രാക്ട് വ്യക്തമായും, മനസ്സിലാക്കാൻകഴിയുന്ന രീതിയിലും എഴുതി സൂക്ഷിക്കേണ്ടതാണ്.

## PART-III

**മറ്റ് രജിസ്റ്ററുകൾ**

**1.അഡ്മിഷൻ രജിസ്റ്റർ**

2011-12 ആരംഭിച്ച രജിസ്റ്ററിലാണ് ഓഡിറ്റ് പീരീഡിലെ (04/14 മുതൽ 03/17 വരെ)വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളത്.ആവശ്യം വേണ്ട എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി രജിസ്റ്റർ നല്ലനിലയിൽ പരിപാലിക്കുന്നുണ്ട്.പ്ലംബിംഗ് ട്രേഡ് മാത്രമാണ് ഇവിടെ പരിശീലിപ്പിക്കുന്നത്.ഈ കോഴ്സ് NCVT അംഗീകാരമുള്ളതാണ്.admissible strength 21 ആണ്.ഒരു ബാച്ച് മാത്രമാണ് അനുവദിച്ചിട്ടുള്ളത്.2014-15 മുതൽ 2016-17 വരെയുള്ള മൂന്ന് വർഷക്കാലയളവിലെ പഠനവിവരം ചുവടെ ചേർക്കുന്നു.

| വർഷം | പ്രവേശനം നല്കിയ വിദ്യാർത്ഥികളുടെ വിഭാഗം തിരിച്ചുള്ള എണ്ണം | | പരീക്ഷ എഴുതിയവർ | പാസ്സായവർ |
|---|---|---|---|---|
| 2014-15 | പട്ടികജാതി | 15 | | |
| | പട്ടികവർഗ്ഗം | 2 | | |
| | ഇതര വിഭാഗം | 2 | | |
| | **ആകെ** | **19** | **15** | **7** |
| | | | | |
| 2015-16 | പട്ടികജാതി | 15 | | |
| | പട്ടികവർഗ്ഗം | 2 | | |
| | ഇതര വിഭാഗം | 2 | | |
| | **ആകെ** | **21** | 15 | 13 |
| | | | | |
| 2016-17 | പട്ടികജാതി | 17 | | |
| | പട്ടികവർഗ്ഗം | 2 | | |
| | ഇതര വിഭാഗം | 2 | | |
| | **ആകെ** | **21** | 17 | 1 |
| | | | | |

ഇവിടെ 80% പട്ടികജാതി 10% പട്ടികവർഗ്ഗം 10% ഇതര വിഭാഗം എന്ന അനുപാതത്തിലാണ് പ്രവേശനം അനുവദിക്കുന്നത്.2014-15 അദ്ധ്യേയന വർഷം 46.66% വും, 2015-16 അദ്ധ്യേയന വർഷം 86.66% വും, 2016-17 അദ്ധ്യേയന വർഷം 5.88% വും ആയിരുന്നു വിജയ ശതമാനം.

2016-17 അദ്ധ്യേയന വർഷം പരീക്ഷ എഴുതിയ 17 വിദ്യാർത്ഥികളിൽ ഒരാൾ മാത്രമാണ് വിജയിച്ചത്.14-15 വർഷം മോശമല്ലാത്ത റിസൾട്ടും 15-16 വർഷം തിളക്കമാർന്ന വിജയവും നേടിയ സ്ഥാപനത്തിലെ 2016-17 വർഷത്തെ റിസൾട്ട് പരിതാപകരമാകാനുണ്ടായ കാരണം ട്രെയിനിംഗ് സൂപ്രണ്ട് വിശദീകരിച്ചത് ചുവടെ ചേർക്കുന്നു.

"work shop calculation and drawing എന്ന പരീക്ഷയുടെ question paper ന് രണ്ട് key answer ഉണ്ടായിരുന്നു. VIII class based ഉം X class based ഉം. X class based key answer ന് പകരം VIII class based key answer ഉപയോഗിച്ച് Answer paper valuation നടത്തിയതിനാലാകാം 2016-17 വർഷത്തെ റിസൾട്ട് മോശമാകാൻ കാരണമെന്ന് വിശ്വസിക്കുന്നു.വകുപ്പിനു കീഴിലുള്ള ഇതര ഐ.റ്റി.ഐകളിലും പ്ലംബിംഗ് ട്രേഡിന്റെ 2016-17 വർഷത്തെ റിസൾട്ട് മോശമാണെന്നും അറിയുന്നു.ഇതുസംബന്ധിച്ചുള്ള പരാതി പരീക്ഷ നടത്തിയ നോഡൽ ഐ.റ്റി.ഐ ആര്യനാട്,IT ദക്ഷിണമേഖല എന്നിവരെ യഥാസമയം അറിയിച്ചിരുന്നു."

വളരെ ഗൗരവത്തോടെ സമീപിക്കേണ്ട ഈ വിഷയത്തിൽ സ്വീകരിച്ച നടപടി അറിയിക്കാൻ IT ദക്ഷിണമേഖലക്ക് നിർദ്ദേശം നല്കാവുന്നതാണ്.

2.ലൈബ്രറി രജിസ്റ്റർ.

National Instructional Media Institute Chennai യിൽനിന്നും വാങ്ങുന്ന Syllabus based പുസ്തകങ്ങൾ( IT ദക്ഷിണമേഖലയിൽ നിന്നും ലഭിക്കുന്നത്) കുട്ടികൾക്ക് വിതരണം ചെയ്യുന്ന ഒരു രജിസ്റ്റർ മാത്രമാണ് ഈ ഇനത്തിൽ ഇവിടെയുള്ളു.ഈ രജിസ്റ്റർ നന്നായി പരിപാലിക്കുന്നുണ്ട്.മറ്റ്തരത്തിലുള്ള പുസ്തകങ്ങൾ, അതായത് പഠനാവശ്യങ്ങൾക്കുള്ള റഫറൽ ഗ്രന്ഥങ്ങൾ,വിജ്ഞാനത്തിനും വിനോദത്തിനുമുള്ള പുസ്തകങ്ങൾ എന്നിവ ഇവിടെ ലഭ്യമല്ല. റഫറൽ ഗ്രന്ഥങ്ങും, വിജ്ഞാനത്തിനും വിനോദത്തിനുമുള്ള പുസ്തകങ്ങൾ എന്നിവ ഉൾപ്പെടുത്തി ഒരു ലൈബ്രറി സജ്ജീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കുന്നു.

3. ഡെസ്പാച്ച് കം സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്റർ

രജിസ്റ്റർ നന്നായി പരിപാലിക്കുന്നുണ്ട്.പേജ്നമ്പർ ഇട്ട് ട്രെയിനിംഗ് സൂപ്രണ്ട് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പരിശോധനാസമയത്ത് (12-03-2018) 405/- രൂപയുടെ സ്റ്റാമ്പ് ബാലൻസ് ഉണ്ടായിരുന്നു.ഇത് പരിശോധിച്ച് ബോധ്യപ്പെട്ടു. മാസന്തോറും ഫിസിക്കൽ വേരിഫിക്കേ

ഷൻ നടത്തുന്നുണ്ട്. എന്നാൽ ദ്വൈവാര ഭൗതിക പരിശോധന നടത്തുന്നതായി കാണുന്നില്ല .ഗവ.സർക്കുലർ നം.43/88/ഫിൻ തീയതി 03/06/1988 പ്രകാരം ദ്വൈവാര ഭൗതിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 4.ആഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ

KFC Vol. I –ART-63 പ്രകാരമുള്ള ആഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ പരിപാലിക്കാൻ നിർദ്ദേശമുണ്ട്.എന്നാൽ ഈഓഫീസിൽ ഇപ്രകാരമുള്ള രജിസ്റ്റർ പരിപാലിക്കുന്നില്ല. ഓരോ കലണ്ടർ വർഷത്തിലും ലഭിക്കുന്ന ആഡിറ്റ് ഒബ്ജക്ഷൻ- ഇപ്രകാരം ഒരു രജിസ്റ്റർ പരിപാലിച്ച്-രേഖപ്പെടുത്തിസൂക്ഷിക്കാൻ നിർദ്ദേശിക്കുന്നു.

## 5.ഫർണിച്ചർ രജിസ്റ്റർ

31-03-1986 ൽ KFC Form 18 article 161(b) പ്രകാരമുള്ള രജിസ്റ്ററിൽ അരംഭിച്ച രജിസ്റ്ററിലാണ് ഇപ്പോഴും രേഖപ്പെടുത്തലുകൾ വരുത്തുന്നത്.ഈ രജിസ്റ്റർ കേടുപാടുകൾ ഇല്ലാതെ ഭംഗിയായി സൂക്ഷിക്കുന്നുണ്ട്. ഇലക്ട്രോണിക് ഉപകരണങ്ങൾക്ക് പ്രത്യേക രജിസ്റ്റർ പരിപാലിക്കുന്നില്ല.രേഖപ്പെടുത്തലുകൾ തീയതിവച്ച് എഴുതി സൂക്ഷിക്കുന്നുണ്ടെങ്കിലും വാർഷിക പരിശോധനടത്തുന്നില്ല. ന്യൂനതകൾ പരിഹരിക്കേണ്ടതാണ്.നിലവിലുള്ള ഫർണിച്ചറുകളുടെ വിവരം അനുബന്ധം 1 ൽ കാണിച്ചിട്ടുണ്ട്.

## 6.ടൂൾസ് & പ്ലാന്റ് രജിസ്റ്റർ.

വാർഷിക പരിശോധനനടത്തി രജിസ്റ്റർ നന്നായി പരിപാലിക്കുന്നുണ്ട്. IT ദക്ഷിണമേഖലയും സമയാസമയങ്ങളിൽ ടി രജിസ്റ്റർ പരിശോധനാവിധേയമാക്കുന്നുണ്ട്.നിലവിലെ ട്രെയിനിംഗ് സൂപ്രണ്ട് 25-09-2014 ൽ ചാർജ് ഏറ്റെടുത്തിട്ടുണ്ടെങ്കിലും ടൂൾസ് & പ്ലാന്റ് രജിസ്റ്ററിന്റെ ചാർജ് ഏറ്റെടുത്തത് 05-10-2016 ലാണെന്നുകാണുന്നു.ഈ കാലതാമസത്തിന്റെ കാരണം വിശദീകരിക്കേണ്ടതാണ്. നിലവിലുള്ള ടൂൾസ് & പ്ലാന്റ് കളുടെ വിവരം അനുബന്ധം 2 ൽ കാണിച്ചിട്ടുണ്ട്.

## 7.കോഷൻ ഡെപ്പോസിറ്റ് രജിസ്റ്റർ.

രജിസ്റ്റർ പരിപാലിക്കുന്നില്ല. കോഷൻ ഡെപ്പോസിറ്റായി കുട്ടികളിൽനിന്നും ശേഖരിക്കുന്ന തുക STSB നിക്ഷേപിക്കുകയാണ് ചെയ്യുന്നത്.കോഴ്സ്കഴിഞ്ഞ് പോകുന്ന കുട്ടികൾക്ക് ചെക്ക് മുഖേനയാണ് തുക നല്കുന്നത്.ഓഡിറ്റ് സമയത്ത് 1600/- രൂപ( കോഷൻ ഡെപ്പോസിറ്റായി ശേഖരിച്ചതും കുട്ടികൾ കൈപ്പറ്റാത്തതുമായ തുക) STSB യിൽ ശേഷിക്കുന്നതായി കാണുന്നു.ടി തുക കുട്ടികൾക്ക് മടക്കിനല്കേണ്ടതും അതിന് സാധിക്കാത്ത പക്ഷം സർക്കാർ ഖജനാവിൽ ഒടുക്കി വിവരം റിപ്പോർട്ടുചെയ്യേണ്ടതാണ്.

**8.അസംസ്കൃത സാധനങ്ങളുടെ രജിസ്റ്റർ.**

വാങ്ങുന്ന സാധനങ്ങൾ പൂർണ്ണമായും വിതരണം ചെയ്യുന്ന രീതിയിലാണ് രജിസ്റ്റർ പരിപാലിക്കുന്നത്.എപ്പോഴും ബാലൻസ് 0 ആയിരിക്കും.കുട്ടികൾക്ക് പരിശീലനത്തിനായി വാങ്ങുന്ന മിക്ക അസംസ്കൃത സാധനങ്ങളും പലപ്രാവശ്യം ഉപയോഗിക്കാൻ സാധിക്കുന്നതാണ്.(ഉദാ:-ക്ലോസറ്റ്,വാഷ് ബേസൻ തുടങ്ങിയവ).ഓരോ വർഷവും ഉപയോഗിക്കാത്ത സാധനങ്ങൾ ഉണ്ടാകാറുണ്ട്.ഇത് രേഖപ്പെടുത്തുന്നതിന് ഈ രജിസ്റ്ററിൽ മാർഗ്ഗമില്ല.ഓരോവർഷവും ഉപയോഗിക്കാതെ ശേഷിക്കുന്ന അസംസ്കൃത സാധനങ്ങൾ closing balance ആയി കാണിച്ച് രജിസ്റ്റർ പരിപാലിക്കാൻ നിർദ്ദേശിക്കുന്നു.

**9.പേ ബിൽ രജിസ്റ്റർ.**

രജിസ്റ്റർ നല്ലനിലയിൽ പരിപാലിക്കുന്നുണ്ട്.PEN നമ്പർ ഉൾപ്പെടെയുള്ള എല്ലാവിവരങ്ങളും വ്യക്തമായും സ്പഷ്ഠമായും രേഖപ്പെടുത്തുന്നുണ്ട്.

**10.കണ്ടിജന്റ് രജിസ്റ്റർ.**

രജിസ്റ്റർ നല്ലനിലയിൽ പരിപാലിക്കുന്നുണ്ട്.മറ്റ് പരാമർശമില്ല.

**11.ഇൻകംബന്റ് രജിസ്റ്റർ.**

രജിസ്റ്റർ പരിപാലിക്കുന്നില്ല. ഇൻകംബന്റ് രജിസ്റ്റർ പരിപാലിച്ച് ജീവനക്കാരുടെ വിവരങ്ങൾ രേഖപ്പെടുത്തിസൂക്ഷിക്കാൻ നിർദ്ദേശിക്കുന്നു.

**12.രജിസ്റ്റർ ഗസ്റ്റ് ഇൻസ്ട്രക്ടർ.**

പ്രത്യേകമായി രജിസ്റ്റർ പരിപാലിക്കുന്നില്ലെങ്കിലും ഗസ്റ്റ് ഇൻസ്ട്രക്ടർമാരുടെ അക്രിറ്റൻസ്,ഹാജർ പുസ്തകം എന്നിവ നന്നായി പരിപാലിക്കുന്നുണ്ട്.ഗസ്റ്റ് ഇൻസ്ട്രക്ടേഴ്സിനായി രജിസ്റ്റർ പരിപാലിച്ച് വിവരങ്ങൾ രേഖപ്പെടുത്തിസൂക്ഷിക്കാൻ നിർദ്ദേശിക്കുന്നു.

**13.ഹാജർ പുസ്തകം.**

എല്ലാ വിഭാഗം ജീവനക്കാരുടേയും ട്രെയിനികളുടേയും അറ്റന്റൻസ് രജിസ്റ്റർ നന്നായി പരിപാലിക്കുന്നുണ്ട്.

**പൊതു അഭിപ്രായം**

തിരുവനന്തപുരം-നെടുമങ്ങാട് സ്റ്റേറ്റ് ഹൈവേയിൽ നിന്നും ഏകദേശം 750 മീറ്റർ ദൂരം മാത്രമേ സ്ഥാപനത്തിലെത്താൻ ആവശ്യമുള്ളുവെങ്കിലും കുത്തനെയുള്ള കയറ്റം യാത്രക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നുവെന്ന അപരിഹാര്യമായ വസ്തുത നിലനിൽക്കുന്നു.നിലവിലുള്ള കെട്ടിടം വളരെ പഴക്കമുള്ളതാണെങ്കിലും ബലക്ഷയം ലവലേശമില്ല.പ്ളംബിംഗ് ട്രേഡ് നടത്തുന്നതിനുള്ള സ്ഥലസൗകര്യം ഇവിടെയുണ്ട്.NCVT Norms പ്രകാരം ക്ലാസ്സ് നടത്തുന്നതിന് 30.m2വലിപ്പമുള്ള റൂം ആണ് ആവശ്യം.ഇവിടെ

36.m2വലിപ്പമുള്ള റൂം ആണുള്ളത്.അതുപോലെ Practical Hall ന് 80.m2വലിപ്പം ആവശ്യമുള്ളപ്പോൾ 96.m2വലിപ്പമുള്ള Practical Hall ഉണ്ട്.കമ്പ്യൂട്ടർ ലാബ് മാത്രമാണ് Norms ൽ നിഷ്കർഷിച്ചതിനേക്കാൾ വലിപ്പക്കുറവുള്ളത്. 25.m2ആവശ്യമുള്ളിടത്ത് 20.m2 മാത്രമേയുള്ളു.

അദ്ധ്യാപകരും,വിദ്യാർത്ഥികളും,ജിവനക്കാരും തമ്മിൽ നല്ലബന്ധം നിലനിൽക്കുന്നുണ്ട്. ക്ലാസ് നയിക്കുന്നത് ഗസ്റ്റ് ഇൻസ്ട്രക്ടേഴ്സ് ആണെങ്കിലും ഇവരുടെ സേവനം പരമാവധി വിനിയോഗിക്കാൻ ട്രെയിനിംഗ് സൂപ്രണ്ടിന്റെ ഇടപെടൽ സഹായകമാകുന്നുണ്ട്. പൊതുവേ പറഞ്ഞാൽ നല്ലനിലയിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ് പേരുമല ഐ.റ്റി.ഐ.

റിപ്പോർട്ട് അംഗീകാരത്തിന് സമർപ്പിക്കുന്നു.

കെ.കെ.പ്രസാദ്.

സീനിയർസൂപ്രണ്ട്,ഫിൻ.ഇ ഓഡിറ്റ്.

2.കെ.കെ.ശ്രീരാജ്.

ക്ളാർക്ക്

അംഗീകരിച്ചു

25-4-18

M. MUHAMMED HARIS
Joint Secretary to Govt.
Finance Department
O/D. Senior Finance Officer
Directorate of Scheduled Caste Development
Thiruvananthapuram